

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്

വളഞ്ഞവട്ടം പി. ഒ., തിരുവല്ല

2026 - 27 സാമ്പത്തിക വർഷത്തെ

ബജറ്റ്

ആമുഖം

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 വർഷത്തെ ബജറ്റ് സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, ഭരണ സമിതി അംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഇംപ്ലിമെന്റിംഗ് ഓഫീസർമാർ, മറ്റ് ഉദ്യോഗസ്ഥ സുഹൃത്തുക്കൾ ഉൾപ്പെടെ പങ്കെടുക്കുന്ന മുഴുവൻ ആളുകളേയും ഭരണ സമിതിയ്ക്ക് വേണ്ടി സ്വാഗതം ചെയ്യുന്നു.

രാജ്യത്തിന്റെ വികസനം ഗ്രാമങ്ങളിലൂടെ കഴിയൂ എന്ന രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ആശയത്തിൽ ഊന്നിയും ഗ്രാമ സ്വരാജ് എന്ന സ്വപ്നവും, ഗ്രാമങ്ങളുടെ സമ്പൂർണ്ണ വികസനത്തിന് ആസൂത്രണവും അധികാരവും താഴെ തട്ടിലേക്ക് എത്തിക്കുക, ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അടിത്തറ ഇട്ട ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെയും ബ്ലോക്ക് പഞ്ചായത്ത് കഴിഞ്ഞ കാൽ നൂറ്റാണ്ടുകൊണ്ട് കൈവരിച്ച നേട്ടങ്ങൾ വകയിരുത്തിയും പോരായ്മകൾ പരിഹരിക്കാനുള്ള മാർഗങ്ങളിൽ ഊന്നൽ നൽകിയുമാണ് 2026-27 ബഡ്ജറ്റ് രൂപം നൽകിയിരിക്കുന്നത്.

തനത് വരുമാന കുറവുമൂലം, പദ്ധതി വിഹിതമായി സർക്കാർ ഓരോ വർഷവും ബജറ്റിൽ അനുവദിച്ച് നൽകുന്ന തുക കൊണ്ട് മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി രൂപീകരണം നടത്തുന്നത്. 2026-27 ബജറ്റ് വിഹിതമായി, ജനറൽ വിഭാഗത്തിൽ 23895000 രൂപയും (രണ്ടു കോടി മുപ്പത്തിഎട്ടു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ) പട്ടികജാതി വിഭാഗത്തിൽ 9871000 രൂപയും (തൊണ്ണൂറ്റി എട്ട് ലക്ഷത്തി എഴുപത്തിഒരായിരം രൂപ), റോഡിതര മെയ്ന്റനൻസ് ഫണ്ടായി 2573000 രൂപയും (ഇരുപത്തഞ്ച് ലക്ഷത്തി മുപ്പത്തയ്യായിരം രൂപ), സി.എഫ്.സി. ഗ്രാന്റായി 5935000(അൻപത്തി ഒൻപതുലക്ഷത്തി മുപ്പത്തയ്യായിരം രൂപ) ജനറൽ പർപ്പസ് ഗ്രാന്റായി 9420000 രൂപയും (തൊണ്ണൂറ്റി നാല് ലക്ഷത്തി ഇരുപതിനായിരം രൂപ) ബ്ലോക്ക് പഞ്ചായത്തിന് വകയിരുത്തിയിട്ടുണ്ട്.

കേന്ദ്ര-കേരള സർക്കാരുകളുടെ വിവിധ പദ്ധതി ഫണ്ടുകളും, എം.പി/ എം.എൽ.എ പ്രാദേശിക വികസന ഫണ്ടുകളും, ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യോജിച്ചുള്ള പദ്ധതികളിലൂടെയും കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ നമുക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വിവിധ വിഷയ മേഖല വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചും, ലഭ്യമായ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയുമാണ് ബജറ്റ് വകയിരുത്തൽ നടത്തിയിരിക്കുന്നത്. ഇത്തരത്തിൽ 25,63,05,792 (ഇരുപത്തഞ്ച് കോടി അറുപത്തിമൂന്ന് ലക്ഷത്തി അയ്യായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) വരവും, 23,66,14,000 (ഇരുപത്മൂന്ന് കോടി അറുപത്തിആറ് ലക്ഷത്തി പതിനാലായിരം രൂപ) രൂപ ചെലവും, 1,96,91,792 (ഒരു കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി തൊണ്ണൂറ്റി ഒരായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി രണ്ടു രൂപ) രൂപ മിച്ചവും പ്രതീക്ഷിക്കുന്ന വാർഷിക ബജറ്റ് പൊതുജന സമക്ഷം സമർപ്പിക്കുന്നു.

കാർഷിക മേഖല – സമ്പൂർണ്ണ കാർഷിക ഗ്രാമം

ഭൂപ്രകൃതികൊണ്ട് കുട്ടനാടിന്റെ എല്ലാ സവിശേഷതകളുംമുൾക്കൊള്ളുന്നതും, ഫലഫൂയിഷ്ടമായ മണിമല, പമ്പാ നദികളുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതവുമായ കാർഷിക പ്രാധാന്യ പ്രദേശം. 4 പതിറ്റാണ്ട് മുമ്പ് കേരളത്തിലെ തന്നെ ഏറ്റവും വലിയ വ്യവസായ ശാലയായിരുന്ന പമ്പാനദി തടത്തിലുള്ള ട്രാവൻകൂർ ഷുഗേഷ്സ് എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ ആസ്ഥാനം പുളിക്കീഴ്.

ഏറ്റവും മധുരതരമായ നാടൻ ശർക്കരയുടെയും, കുട്ടനാടൻ നാട്ടുകൊഞ്ചിന്റെയും സമൃദ്ധിയാൽ ഊറ്റം കൊണ്ടിരുന്ന കാർഷിക സംസ്കൃതിയുടെ വിളനിലം... കാലങ്ങൾ പിന്നിട്ടപ്പോൾ നമ്മുടെ കരിമ്പ് കൃഷിചെയ്തിരുന്ന വിരിപ്പ് നിലങ്ങൾ പലതും ഇഷ്ടിക കളങ്ങളായി മാറുകയും കരിമ്പ് കൃഷി തീർത്തും ഇല്ലാതാവുകയും ചെയ്യുന്ന അവസ്ഥ സംജാതമായി.

2026-27 പദ്ധതി വർഷം മുതൽ മുന്തിയ പരിഗണന കാർഷിക മേഖലയ്ക്ക് നൽകി കരിമ്പുകൃഷിയെ അതിന്റെ പഴയകാല പ്രതാപത്തിലേക്ക് എത്തിക്കുവാനുള്ള എളിയ ശ്രമങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് തുടക്കം കുറിക്കുകയാണ്.

നമ്മുടെ നെല്ലറകളായ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന ത്തിനും, നീരൊഴുക്ക് വർദ്ധനവിനായുള്ള പദ്ധതികളിലും ജനകീയ പങ്കാളിത്തത്തോടെ മുന്നേറാം എന്ന ആത്മവിശ്വാസമാണ് ബ്ലോക്ക് പഞ്ചായത്തിനുള്ളത്. സംയുക്ത പദ്ധതികൾ ഗ്രാമ-ബ്ലോക്ക്- ജില്ലാ പഞ്ചായത്തു തലങ്ങളുമായി സംസ്ഥാന - കേന്ദ്ര പദ്ധതികളുടെ ഗുണ വശങ്ങൾ സാംശീകരിച്ചും നമ്മുടെ നെൽ കാർഷികമേഖലയുടെ സമഗ്ര വികസനത്തിനായി ലക്ഷ്യമിടുന്ന പദ്ധതികളാണ് വരുന്ന വർഷങ്ങളിൽ പ്രവാർത്തികമാക്കുന്നത്. കൂടാതെ ഇടവിളകളുടെയും, പച്ചക്കറി കൃഷി വ്യാപനത്തിന്റെയും പുതിയ മേഖലകൾ നമുക്ക് വരും നാളുകളിൽ കൂടുതലായി ചെയ്യേണ്ടതായുണ്ട്. നെടുമ്പ്രം, കുറ്റൂർ, കടപ്ര ഗ്രാമപഞ്ചായത്തുകളിൽ കരകൃഷിക്ക് പ്രാധാന്യം നൽകുമ്പോൾ പെരിങ്ങര, നിരണം ഗ്രാമപഞ്ചായത്തുകളിൽ നെൽ കർഷകരെ ആ മേഖലയിൽ ഉറപ്പിച്ചുനിർത്താനുതകുന്ന പദ്ധതികളും സഹായങ്ങളും നമ്മുക്ക് നൽകേണ്ടതുണ്ട്.

ആധുനിക കാലഘട്ടത്തിലെ ഏറ്റവും വരുമാന ദായക സംരംഭങ്ങളായ ഫാം ടൂറിസം നമുക്ക് വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. കർഷകരിൽ ആത്മാഭിമാനം വളർത്തു ന്നതിനും, കാർഷിക സംസ്കൃതിക്ക് പ്രാമുഖ്യ നൽകുന്നതിനും, ക്ഷീരമേഖലയിലടക്കം സമഗ്ര വികസന നയം നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി വരും വർഷങ്ങിൽ ലക്ഷ്യമിടുന്നു.

നമ്മുടെ ഉൾനാടൻ ജലാശയങ്ങളും, തോടുകളും മാലിന്യ മുക്തമാക്കി ജലാഗമന നിർഗ്ഗമന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനുള്ള ദൃഢനിശ്ചയത്തിലാണ് പുളിക്കീഴ് ബ്ലോക്ക്. കാർഷിക മേഖലയിൽ തനതുവർഷം 72 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

നമ്മുടെ ബ്ലോക്ക് പഞ്ചായത്ത പ്രദേശത്തെ ഫലഫൂയിഷ്ടമായ മണ്ണിൽ നിന്നും നമുക്ക് കാർഷികോല്പാദനം പൂർണ്ണമായ അർത്ഥത്തിൽ നടത്തി മണ്ണിന്റെ ഉർവ്വരത പ്രയോജനപ്പെടുത്തണം. അതിനായി നമുക്ക് ഒരുമിച്ച് മുന്നേറാം. പോരായ്മകൾ പരിഹരിച്ചും അനുഭവസമ്പത്ത് പരീക്ഷിച്ചും, ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചും പുത്തൻ ചക്രവാളങ്ങൾ തേടി നമുക്ക് മുന്നേറാം.

മൃഗസംരക്ഷണം

ശുദ്ധമായ പാലും, പാൽ ഉത്പന്നങ്ങളും നമ്മുടെ സമൂഹത്തിന് ആവശ്യമായി എന്നുള്ളതുകൊണ്ട് നമുക്ക് ആവശ്യമായ പാലും, പാൽ ഉത്പന്നങ്ങളും നമ്മുടെ പ്രദേശത്ത് ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പാലിന് സബ്സിഡി, കറവപശുക്കൾക്ക് കാലിത്തീറ്റ, വൈക്കോൽ, സൈലേജ്, ക്ഷീരസമൃദ്ധി എന്ന പദ്ധതിയും ലക്ഷ്യമിടുന്നു. ഇതിനായി 66 ലക്ഷം രൂപ വകയിരുത്തുന്നു.

ആരോഗ്യ മേഖല

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ആരോഗ്യവകുപ്പ് സ്ഥാനപമാണ് ചാത്തങ്കരി സാമൂഹികാരോഗ്യ കേന്ദ്രം. 96 ചതുരശ്ര കിലോമീറ്റർ പരിധിയിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ഈ സ്ഥാപനം നേതൃത്വം നൽകുന്നു. പ്രതിവർഷം 50000 ൽപരം പേർ ഈ ആതുരാലയത്തിൽ ചികിത്സ തേടുന്നു. രാവിലെ 9 മണി മുതൽ 6 മണി വരെ പ്രവർത്തിക്കുന്നു. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ നേത്രപരിശോധന സൗകര്യമുണ്ട്. ലാബോറട്ടറി പരിശോധ നടത്തിവരുന്നു.

എല്ലാ ദേശീയാരോഗ്യ പരിപാടികളും, പൊതുജനാരോഗ്യ നടപടികളും മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങളും സാമൂഹികാരോഗ്യകേന്ദ്രം വഴി നടപ്പാക്കുന്നു. വൈകുന്നേരം 6 മണി വരെയുള്ള ഡോക്ടറിന്റെയും ലാബ് ടെക്നീഷ്യന്റെയും സേവനം ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് വഴിയാണ് ഉറപ്പാക്കുന്നത്. 126 പേർക്ക് സെക്കണ്ടറി പാലിയേറ്റീവ് പരിരക്ഷ ഉറപ്പാക്കുന്നു. മരുന്നു ക്ഷാമം പരിഹരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കുന്നു. ഈ മേഖലയ്ക്കായി 31 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കുടിവെള്ളം, ശുചിത്വം, മാലിന്യം

നമ്മുടെ ബ്ലോക്ക് പരിധിയിലുള്ള തോടുകളുടെ നവീകരണം, നീർചാലുകളുടെ പുനരുദ്ധാരണം, പൊതുകുളങ്ങളുടെ നവീകരണം, നാനോ ടെക്നോളജി മുഖേന കുടിവെള്ള ശുദ്ധീകരണം എന്നിവ നടത്തികൊണ്ട് ശുദ്ധജലം ലഭ്യമാക്കുവാനുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്നു.

സമ്പൂർണ്ണ ശുചിത്വം ലഭ്യമാക്കി സാധ്യമായ പദ്ധതികൾ നടപ്പിലാക്കുന്നു. അജൈവ മാലിന്യ സംസ്കരണത്തിന് ബ്ലോക്ക് പഞ്ചായത്തിന് വ്യവസായ വകുപ്പ് വിട്ടുതന്ന സ്ഥലത്ത് ആർ.ആർ.എഫ്. തുടങ്ങുന്നതിന് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ശുചിത്വമേഖലയ്ക്കായി 16 ലക്ഷം രൂപ വകയിരുത്തുന്നു.

പട്ടികജാതി

പട്ടികജാതി വികസന ഓഫീസ് പുളിക്കീഴ് ബ്ലോക്ക് വഴി പ്രധാനമായും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ പദ്ധതികൾ, സാമ്പത്തിക വികസന പദ്ധതികൾ, സാമൂഹിക ക്ഷേമ പദ്ധതികൾ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു

2026-27 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രധാനമായും പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പട്ടികജാതി ഉന്നതികളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുകയും അണ്ടർഗ്രൗണ്ട് കേബിൾ ശൃംഖല വഴി വൈദ്യുതികരണവും സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുകയും എന്നീ പദ്ധതികൾ വിഭാവനം ചെയ്യുന്നു

സ്ത്രീകൾ /കുട്ടികൾ /വയോജനങ്ങൾ

സ്ത്രീകളും കുട്ടികളും അവരുടെ അവകാശങ്ങൾ ആസ്വദിക്കുന്നതിനും അവരിൽ അന്തർലീനമായിടുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനു വേണ്ടി പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ഐ.സി.ഡി.എസ്. മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഭിന്നശേഷിയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന്നുവേണ്ടി ഭിന്നശേഷി കലോ ത്സവം, സ്കോളർഷിപ്പ്, ഭിന്നശേഷി ഉപകരണം, മുച്ചക്രവാഹന വിതരണം എന്നി പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

സമൂഹത്തിൽ വയോജനങ്ങളുടെ എണ്ണം വർഷംതോറും കൂടിവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിൽ വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും പ്രത്യേക പരിഗണന നൽകികൊണ്ട് വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അവരുടെ മാനസിക ഉല്ലാ സത്തിനായി വയോജന കലാമേള, യോഗ, ആരോഗ്യ പരിശോധന ക്യാമ്പ്, വയോജന ക്ലബ് എം.എൻ.ആർ.ഇ.ജിഎസ് മുഖേന അംഗൻവാടി നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു. ഈ മേഖലയിൽ 58 ലക്ഷം രൂപ വകയിരുത്തുന്നു.

ചെറുകിട വ്യവസായം

തൊഴിലവസരം സൃഷ്ടിക്കുക, വരുമാന വർദ്ധനവ് ഉണ്ടാക്കുക, വിഭവങ്ങളുടെ പ്രയോജനപ്പെടുത്തൽ, വനിത സ്വയം സഹായ ഗ്രൂപ്പുകളുടെ ശാക്തീകരണം, പ്രാദേശിക വിപണിയിലൂടെ സമഗ്ര വികസനം തുടങ്ങിയവ ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യം വയ്ക്കുന്നു. ആയതിനായി സാമ്പത്തിക പിന്തുണ ഉറപ്പാക്കുക, പരിശീലനം, സ്കീൽ ഡെവലപ്പ് മെന്റ്, ലൈസൻസ്/അനുമതി നടപടിക്രമങ്ങൾ ലളിതമാക്കുക, മാർക്കറ്റിംഗിനായി ഈ കൊമേഴ്സ്, എക്സിബിഷൻ മുഖേന വിപണി പ്രാദേശിക ഭരണകൂടത്തിന്റെ സജീവ പങ്കാളിത്തത്തോടെ നടപ്പിലാക്കുക. ഈ മേഖലയ്ക്കായി 10 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

പശ്ചാത്തലം

ഭൂരിഭാഗവും അപ്പർ കുട്ടനാടൻ മേഖല ഉൾപ്പെടുന്ന ബ്ലോക്ക് പരിധിയിൽ ഉള്ള ഭൂപ്രകൃതിക്ക് ഓരോ അനുയോജ്യമായ രീതിയിലുള്ള റോഡ് പുനരുദ്ധാരണത്തിനായി 2026-27 ൽ മുൻതൂക്കം നൽകുന്നത്. പഞ്ചായത്തിലേയും 6 മീറ്റർ വീതിയുള്ളതും പ്രധാനപ്പെട്ടതുമായ അറ്റകുറ്റപണികൾ അത്യന്താപേക്ഷിതവുമായ റോഡ് കണ്ടെത്തി ആരംഭം മുതൽ അവസാനം വരെ പരിപൂർണ്ണമായ രീതിയിൽ പുനരുദ്ധാരണം ആവശ്യമാണ്. റോഡിൽ വെള്ളകെട്ട് ഒഴിവാക്കുന്നതിനും മഴവെള്ളം ഒഴികിപ്പോകുന്ന തിനും ആവശ്യമായ രീതിയിലുള്ള ചപ്പാത്തുകൾ, ഓടകൾ, ഐറിഷ് ഡ്രയിനുകൾ എന്നിവ റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രകൃതിയുടെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടാതെയിരിക്കാൻ ബോക്സ്/ പൈപ്പ് കൽവേർട്ടറുകൾ പണിയുന്ന കാര്യവും ഉറപ്പ് വരുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ടൗൺ & കൺട്രി പ്ലാനിംഗ് വിഭാഗത്തിന്റെ സഹായത്തോടെ സമഗ്രമായ മാസ്റ്റർ പ്ലാനിംഗ് തയ്യാറാക്കൽ, റോഡുകളിൽ ട്രാഫിക് സർവ്വേ നടത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പുനരുദ്ധാരണം സാദ്ധ്യമാക്കൽ, റോഡ് കണക്ടിവിറ്റി മാപ്പ്

തയ്യാറാക്കൽ എന്നിവയിലൂടെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കാവുന്നതാണ്. പൊതുകെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന് ഉപയുക്തമായ രീതിയിൽ ഫണ്ട് ലഭ്യമാക്കി പദ്ധതികൾ ഏറ്റെടുക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

സമഗ്രമായ പശ്ചാത്തലസൗകര്യവികസനം സാധ്യമാകണമെങ്കിൽ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെയും എം.പി, എം.എൽ.എ, ദുരന്തനിവാരണം ആർ.കെ.ഐ തുടങ്ങി തുടങ്ങി ലഭ്യമായ ഫണ്ടുകൾ മുഴുവൻ കണ്ടെത്തിയും, സംയുക്ത പദ്ധതികൾ ആസൂത്രണം നടപ്പിലാക്കേണ്ടതാണ്. എം.എൽ.എ, എം.പി, എൻ.സി.എഫ്. ആർ.ഡബ്ലിയു -സ്കീമുകളിൽ ആയി ഉദ്ദേശം 10 കോടി രൂപയുടെ പദ്ധതികളും, ബ്ലോക്ക് പഞ്ചായത്ത് ജനകീയസുത്രണ പദ്ധതി പ്രകാരം ഉദ്ദേശം ഒരു കോടി അഞ്ച് ലക്ഷം രൂപയുടെ പദ്ധതികൾ വകയിരുത്തുന്നുണ്ട്

നാനോ ടെക്നോളജി മുഖേന കുടിവെള്ള ശുദ്ധീകരണം

കുടിവെള്ളക്ഷാമം നേരിടുന്ന നമ്മുടെ പ്രദേശത്ത് പണം കൊടുത്ത് വാങ്ങിയാണ് ശുദ്ധജലം കുടിയ്ക്കുന്നത്. ബ്ലോക്ക് പരിസരത്തെ ആളുകൾക്ക് ഗുണപരമായി മാറാൻ കഴിയുന്നതും ചുരുങ്ങിയ മുടക്കിൽ ശുദ്ധജലം ലഭിക്കുന്നതിനുമായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിൽ നാനോ ടെക്നോളജി മുഖേന കുടിവെള്ള ശുദ്ധീകരിക്കാൻ ലക്ഷ്യം വെയ്ക്കുന്നു.

ലൈഫ് ഭവന പദ്ധതി

സ്വന്തമായി ഒരുതുണ്ട് ഭൂമിയും അതിൽ വാസയോഗ്യമായ ഒരു വീടും ഏതൊരാളിന്റേയും സ്വപ്നമാണ്. ഈ സ്വപ്നം അവകാശമാക്കി മാറ്റി കേരളത്തിലെ ഗവൺമെന്റ് പ്രഖ്യാപിച്ച രണ്ടാംഘട്ട ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 890 ഗുണഭോക്താക്കളെ സഹായിക്കാൻ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 67.71 ലക്ഷം രൂപയും വകയിരുത്തുന്നു.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ബ്ലോക്ക് പഞ്ചായത്തിലെ 5 പഞ്ചായത്തുകളിലെ നീർച്ചാലുകളുടെ സംരക്ഷണം, ഗ്രാമീണ റോഡുകളുടെ നിർമ്മാണം. ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനും, വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനും, കൃഷി സ്ഥലം ഒരുക്കുന്നതിനും, അംഗൻവാടി നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഗ്രാമീണ തൊഴിലുറപ്പ് മേഖലകളിലെ പ്രവൃത്തികൾക്കായി കാർഷിക മേഖലയിൽ 17.74 കോടി രൂപ വകയിരുത്തുന്നു.

വകുപ്പുതല പദ്ധതികൾ

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതികൾക്കായി 20 കോടി രൂപയും, പട്ടികജാതി മേഖലയിൽ 2.15 കോടി രൂപയും, വനിതാ ശിശു വികസന പദ്ധതികൾക്കായി ഒരു കോടി രൂപയും കാർഷിക മേഖലയിൽ 19350000 രൂപയും ഗവൺമെന്റിൽ നിന്നും വകയിരുത്തുന്നു. ഇതു കൂടാതെയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിമിതമായ ഫണ്ടുകളും ചേർത്ത് പദ്ധതികൾ രൂപീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നത്.

ഉപസംഹാരം

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായ തുകയും, സംസ്ഥാന ഗവൺമെന്റ് പദ്ധതിയ്ക്കുള്ള വിഹിതവും, ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്ജറ്റു വിഹിതവും, മറ്റ് സ്രോതസ്സുകളിലായി കിട്ടുന്ന പണവും ഉപയോഗിച്ച് നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 5 പഞ്ചായത്തുകളുടേയും സമഗ്രമായ വികസനം ലക്ഷ്യമാക്കി അടിയന്തിരാവശ്യങ്ങൾ മനസ്സിലാക്കിയാണ് ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമസഭയിലും ഉയർന്നുവന്ന നിർദ്ദേശങ്ങളെ തുറന്ന മനസ്സോടെ പരിഗണിച്ചുകൊണ്ട് അത്യാവശ്യകാര്യങ്ങൾ ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിൽ എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണമുണ്ടാകണമെന് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായ അഞ്ചാമത്തേതും ഈ ഭരണസമിതിയുടെ ആദ്യത്തേതുമായ ഈ ബജറ്റ് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ബിന്ദു കുഞ്ഞുമോൻ
വൈസ് പ്രസിഡന്റ്
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്

ബഡ്ജറ്റ് ഹൈലൈറ്റ്സ് 2026-27

ക്രമ നമ്പർ	പദ്ധതിയുടെ പേര്	തുക
1	**കാർഷിക മേഖല** – നെൽകൃഷി- കൂലിച്ചെലവ്, കേരകർഷകർക്ക് കേട് വന്ന തെങ്ങുകൾ വെട്ടി മാറ്റി പുതിയ തെങ്ങിൻതൈകൾ വയ്ക്കുന്നതിനുള്ള ധനസഹായം, കരിമ്പ് കൃഷി വ്യാപനം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	31,00,000
2	**ക്ഷീര മേഖല** :— കറവ പശുക്കൾക്ക് കാലിത്തീറ്റ, വയ്ക്കോൽ സൈലേജ് വിതരണം, ക്ഷീര സമൃദ്ധി, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	66,00,000
3	**ചെറുകിട വ്യവസായ മേഖല** :– കുടംപുളി സംസ്കരണത്തിനു സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക്ധനസഹായം, യുവജന പുരുഷ സ്വയം സഹായ സംഘം സ്വയം തൊഴിൽ സംരംഭം	10,00,000
4	**ആരോഗ്യ മേഖല** :– വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം, ആതുര സന്ധ്യ ഓ.പി, സ്നേഹ സ്പർശം സെക്കണ്ടറി പാലിയേറ്റിവ് പരിചരണം ചാത്തങ്കരി ആശുപത്രിയിൽ എല്ലാ ദിവസവും ഫിസിയോ തെറാപ്പിസ്റ്റ് സേവനം ഉറപ്പാക്കൽ പാലിയേറ്റീവ് പരിചരണം, ചാത്തങ്കരി ആശുപത്രിക്ക് മരുന്ന് വാങ്ങൽ,	31,62,500
5	**പട്ടികജാതി മേഖല** :–പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം, പട്ടികജാതി ഉന്നതികളിൽ സോളാർപാനൽ, സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുകയും, ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി ലൈൻ സ്ഥാപിക്കലും	79,25,000
6	**കുട്ടികൾ,ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർ ഉൾപ്പെട്ട മേഖല** :- അനുപൂരക പോഷകാഹാരം, അനുപൂരക പോഷകാഹാരം ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം, ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ബ്ലോക്ക് വിഹിതം നൽകൽ, വർണോൽസവം- ഭിന്നശേഷിക്കാരുടെ കലോൽസവം, രണ്ടാം ബാല്യം- മുതിർന്ന പൗരൻമാരുടെ യോഗ പരിശീലനം	18,19,500
7	**സേവനമേഖല** :– ഗൃഹമധുരം പദ്ധതി- ലൈഫ് ഗുണഭോക്താക്കൾക്ക് ധനസഹായം, അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോപ്ലാൻ, അഗതി രഹിത കേരളം- ആശ്രയ പദ്ധതി- ബ്ലോക്ക് വിഹിതം പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിനായി ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കൽ., ഹാപ്പിനസ് പാർക്ക്- ബ്ലോക്ക്വിഹിതം, പിഎംഎവൈ ഗുണഭോക്താക്കൾക്ക് ധനസഹായം,	1,50,26,000
8	**നാനോ ടെക്നോളജി** മുഖേന കുടിവെള്ള ശുദ്ധീകരണം	50,000
9	**ഈസി കിച്ചൺ** ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം	1,00,000
10	**അംഗൻവാടി നിർമ്മാണം** :– സ്വന്തമായി ഭൂമിയുള്ള അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണം	45,00,000
11	**ഫാം ടൂറിസം**– വേങ്ങൽ- വേളൂർ മുണ്ടകം, പെരിങ്ങര മതിരംപുഴചാൽ, കുറ്റൂർ ഗ്രാമപഞ്ചായത്തുകൾക്കു വിഹിതം	4,00,000
12	**ആർ ആർ എഫ്** തുടർപ്രവർത്തനം & ക്ലീൻ പുളികീഴ്	30,00,000

ക്രമ നമ്പർ	പദ്ധതിയുടെ പേര്	തുക
13	**പശ്ചാത്തല മേഖല** :- പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ടർഫും ഇൻഡോർ കോർട്ട് വിത്ത് ക്യാമ്പ് ഷെൽട്ടർ നിർമ്മാണവും ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെയും ഹാളുകളുടേയും നവീകരണം, ഘടക സ്ഥാപനങ്ങളുടെ കെട്ടിട നവീകരണം., പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് മീറ്റിംഗ് ഹാൾ നിർമ്മാണം, ബ്ലോക്ക് പഞ്ചായത്ത് സൗന്ദര്യവൽകരണം	52,99,000
14	**സമഗ്ര കാർഷിക വികസനം** : അപ്പർ കുട്ടനാടൻ മേഖലയുടെ സമഗ്ര കാർഷിക വികസനം (പെട്ടിയും പറയും തോടുകളുടെ നവീകരണവും) (RIDF)	50,00,000
15	**ചാത്തങ്കേരി സി.എച്ച്.സി** ക്ക് ആധുനിക സംവിധാനത്തോട് കൂടിയ പുതിയ ഹോസ്പിറ്റൽ കോംപ്ലക്സ്	40,00,000
16	**ഐശ്വര്യ ഗ്രാമം** പദ്ധതി വഴി എസ് സി ഉന്നതികളുടെ സമഗ്ര വികസനം കിടപ്പുരോഗികളുടെ പരിചരണം	25,00,000



കേരകർഷകർക്ക് കേട് വന്ന തെങ്ങുകൾ വെട്ടി മാറ്റി പുതിയ തെങ്ങിൻതൈകൾ വയ്ക്കുന്നതിനുള്ള ധനസഹായം



കരിമ്പ് കൃഷി വ്യാപനം



കറവ പശുക്കൾക്ക് കാലിത്തീറ്റ, വയ്ക്കോൽ, സൈലേജ് വിതരണം,
പശു വളർത്തൽ വനിത, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി



സ്നേഹ സ്പർശം സെക്കണ്ടറി പാലിയേറ്റിവ് പരിചരണം



പട്ടികജാതി ഉന്നതികളിൽ സോളാർപാനൽ സോളാർ മിനി മാസ്സ് ലൈറ്റ് സ്ഥാപിക്കുകയും ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി ലൈൻ സ്ഥാപിക്കലും



വർണ്ണോൽസവം-ഭിന്നശേഷിക്കാരുടെ കലോൽസവം,
രണ്ടാം ബാല്യം-മുതിർന്ന പൗരൻമാർക്ക് യോഗ




ലൈഫ് /പി എം എ വൈ ഭവന പദ്ധതികൾ



സ്വന്തമായി ഭൂമിയുള്ള അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണം



നാനോ ടെക്നോളജി മുഖേന കുടിവെള്ള ശുദ്ധീകരണം



വൃക്ക രോഗികൾക്ക് ഡയാലിസിസ്



ഈസി കിച്ചൺ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം



ഫാം ടൂറിസം- വേങ്ങൽ വേളൂർ മുണ്ടകം-പെരിങ്ങര
മതിരംപുഴചാൽ - കുറ്റൂർ ഗ്രാമപഞ്ചായത്തുകൾക്കു വിഹിതം



ആർ ആർ എഫ് തുടർ പ്രവർത്തനം



അഷർ കുട്ടനാടൻ മേഖലയുടെ സമഗ്ര കാർഷിക വികസനം. RIDF
(പെട്ടിയും പറയും തോടുകളുടെ നവീകരണവും)



പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ടർഫും ഇൻഡോർ കോർട്ട് വിത്ത് ക്യാമ്പ് ഷെൽട്ടർ നിർമ്മാണവും



ചാത്തങ്കേരി സി എച് സി ക്ക് ആധുനിക സംവിധാനത്തോട് കൂടിയ പുതിയ ഹോസ്പിറ്റൽ കോംപ്ലക്സ്



ഐശ്വര്യ ഗ്രാമം പദ്ധതി വഴി എസ് സി ഉന്നതികളുടെ സമഗ്ര വികസനം

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്

പതിനാലാം പഞ്ചവത്സര പദ്ധതി

ബഡ്ജറ്റ് സംഗ്രഹം 2026- 27

പ്രാരംഭ ബാക്കി	1,40,19,144	(ഒരു കോടി നാൽപത് ലക്ഷത്തി പത്തൊമ്പതിനായിരത്തി ഒരുനൂറ്റി നാല്പത്തിനാല് രൂപ)
തൻവർഷം വരവ്	24,22,86,648	(ഇരുപത്തിനാലു കോടി ഇരുപത്തിരണ്ട് ലക്ഷത്തി എൺപത്താറായിരത്തി അറുനൂറ്റി നാൽപത്തിയെട്ട് രൂപ)
ആകെ വരവ്	25,63,05,792	(ഇരുപത്തഞ്ച് കോടി അറുപത്തിമൂന്ന് ലക്ഷത്തി അയ്യായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ)
ആകെ ചെലവ്	23,66,14,000	(ഇരുപത്തിമൂന്ന് കോടി അറുപത്തിആറ് ലക്ഷത്തി പതിനാലായിരം രൂപ)
നീക്കിയിരിപ്പ്	1,96,91,792	(ഒരു കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി തൊണ്ണൂറ്റി ഒരായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി രണ്ടു രൂപ)

PULIKEEZHU BLOCK DEVELOPMENT OFFICE
FORM 1
2026-2027 NEW BUDJECT

SN	Head of Accounts	Actuals for the Previous year	Budget for 2025-2026	Budget for 2026-2027
	Opening Balance		**27973729**	**14019144**
	Revenue Receipt - 1			
	Fees and User Charges - 140			
1	1402003 Other Penalities and Fines		75000	50000
	Total Fees and User Charges		**75000**	**50000**
	Sale and Hire Charges - 150			
2	1501101 Receipts from Sale of Forms		5000	5000
3	1503001 Receipts from Miscellaneous Sales		0	180000
	Total Sale and Hire Charges		**5000**	**185000**
	Revenue Grants, Contributions and Subsidies - 160			
4	1601023 General Purpose Fund		8867000	9420000
	Total Revenue Grants, Contributions and Subsidies		**8867000**	**9420000**
	Interest Earned - 171			
5	1711001 Interest from Bank Accounts		150000	250000
	Total Interest Earned		**150000**	**250000**
	Rental Income - LB Properties - 130			
6	1301003 Rent from Shopping Complex		0	897648
7	1302002 Rent from Office Buildings		708300	0
	Total Rental Income		**708300**	**897648**
	Total Revenue Receipt		**9805300**	**10802648**
	Capital Receipt - 2			
	Grants, Contribution for Specific Purposes - 320			
8	3201004 Central Finance Commission Grant - Tied		3561000	3561000
9	3201005 Central Finance Commission Grant - Untied		2374000	2374000
10	3201023 Member Of Parliament Local And Development Scheme		3500000	3000000
11	3201044 Mahatma Gandhi National Rural Employment Scheme (MGNREGS)		77000000	174100000
12	3202001 Development Fund - General		16145268	23895000
13	3202002 Development Fund - Special Component Plan		11380785	9871000
14	3202010 Maintenance Fund - Non-Road Assets		3600200	2573000
15	3202037 Other Revenue Grants		0	1000000
16	3208010 Beneficiary Contribution		0	2500000
17	3209001 Contribution to Joint Venture Projects from District Panchayat		7854000	4410000

SN	Head of Accounts	Actuals for the Previous year	Budget for 2025-2026	Budget for 2026-2027
18	3209003 Contribution to Joint Venture Projects from Grama Panchayat		6460000	3150000
	Total Grants, Contribution for Specific Purposes		**131875253**	**230434000**
	Deposits Received - 340			
19	3408099 Other deposits received		1425000	0
	Total Deposits Received		**1425000**	**0**
	Other Liabilities - 350			
20	3502018 Recoveries Payable-Audit Recovery		27299	0
21	3503008 Government and Other Dues Payable - CGST		179	0
22	3503009 Government and Other Dues Payable - SGST		179	0
	Total Other Liabilities		**27657**	**0**
	Redemption - 431			
23	4315002 Receivables from Government (redemption amount)		9801658	0
	Total Redemption		**9801658**	**0**
	Loans, Advances and Deposits - 460			
24	4605004 Temporary Advances for Official Purposes		0	200000
25	4605005 Advance to Mahatma Gandhi NREGS/ AUEGS		666000	850000
	Total Loans, Advances and Deposits		**666000**	**1050000**
	Total Capital Receipt		**143795568**	**231484000**
	Revenue Expenditure - 3			
	Establishment Expenses - 210			
26	2101101 Wages		500000	800000
27	2102014 Monthly Honorarium and Sitting Allowance -Councillors/ Members		2000000	4000000
	Total Establishment Expenses		**2500000**	**4800000**
	Administrative Expenses - 220			
28	2201101 Office Electricity Expenses		150000	200000
29	2201201 Telephone Expenses/ Internet Charges		24000	25000
30	2206001 Newspaper Advertisement Charges		0	25000
31	2208099 Miscellaneous Administration Expenses		1600000	1900000
	Total Administrative Expenses		**1774000**	**2150000**
	Operation and Maintenance - 230			
32	2301002 Fuel Charges		250000	250000
33	2305909 Other Repairs & Maintenance		180000	250000
	Total Operation and Maintenance		**430000**	**500000**

SN	Head of Accounts	Actuals for the Previous year	Budget for 2025-2026	Budget for 2026-2027
	Programe Expenses - 250			
34	2501001 Election Expenses		200000	0
35	2502001 Expenditure on Poverty Eradication Program		77000000	174100000
	Total Programe Expenses		**77200000**	**174100000**
	Expenses Related to Productive Sector - 251			
36	2510101 Agriculture - Paddy		2777603	0
37	2510104 Agriculture - Vegetables		54000	0
38	2510109 Agriculture - Mushroom		50000	0
39	2510110 Agriculture - Floriculture		50000	0
40	2510123 Agriculture Products/ Local Products		50000	0
41	2510132 Agriculture Related Facilities		100000	0
42	2510136 Agrarian Disease		50000	0
43	2510302 Dairy Development -Storage and Marketing		2000000	0
44	2510304 Dairy Development -Infrastructure		400000	0
45	2510305 Dairy Development - Milk Incentives		2300000	0
46	2510601 Small scale industries and Micro enterprises		500000	0
47	2510801 Soil Conservation		50000	0
48	2511201 Skill Development		289100	0
49	2511301 Self Employment and Marketing Promotion		1225000	0
	Total Expenses Related to Productive Sector		**9895703**	**0**
	Expenses Related to Service Sector - 252			
50	2520104 Higher Secondary Education		1000000	0
51	2520107 Education-Related Activities		2960000	0
52	2520301 Reading Rooms, Libraries - Infrastructure		200000	0
53	2520503 Arts,Culture,Sports and Youth Welfare-Promotion		520000	0
54	2520602 Health related Programs		1060388	0
55	2520618 Medical Institution - Allopathy		2166288	0
56	2520702 Drinking Water - Public		1400000	0
57	2520801 Housing & House Electrification - Individual		38966063	0

SN	Head of Accounts	Actuals for the Previous year	Budget for 2025-2026	Budget for 2026-2027
58	2520902 Child Welfare Program		400000	0
59	2520903 Women Welfare		125000	0
60	2520904 Welfare of the Aged		350000	0
61	2520905 Welfare Programs for the Destitute		100000	0
62	2520906 Welfare Programs for Physically/ Mentally Challenged		1372551	0
63	2520908 Social Security Programme		67657	0
64	2521001 Anganwadi Nutrition		500000	0
65	2521201 Vocational Capacity Building - Vocational Training		540280	0
66	2521401 Electricity Line Extension		870000	0
67	2521501 Tourism Infrastructure		300000	0
68	2521601 Local Government Service Delivery Improvement		63949	0
69	2521602 Payments to IKM		331318	0
70	2521701 Allied Institution Service Delivery Improvement		620000	0
71	2521801 Contribution to Social Security Mission		40000	0
72	2521903 Public Sanitation - Related Activities		1480500	0
73	2522001 Plan Formulation, Implementation and Monitoring		193860	0
74	2522201 Disaster Management - Related Services		50000	0
75	2522305 Solid Waste Management - Collection and Transportation		918240	0
	Total Expenses Related to Service Sector		**56596094**	**0**
	Expenses Related to Infrastructure Sector - 253			
76	2530302 Public Buildings - Other Buildings		1000000	0
77	2530405 Other Constructions		0	4000000
	Total Expenses Related to Infrastructure Sector		**1000000**	**4000000**
	Total Revenue Expenditure		**149395797**	**185550000**
	Capital Expenditure - 4			
	Refund of Deposits - 340			
78	3401003 Retention		77673	0
	Total Refund of Deposits		**77673**	**0**
	Payment of Recoveries - 350			
79	3502018 Recoveries Payable-Audit Recovery		27299	0

SN	Head of Accounts	Actuals for the Previous year	Budget for 2025-2026	Budget for 2026-2027
80	3502025 Recoveries Payable - Income Tax Deducted at Source		7557	0
81	3502026 Recoveries Payable - Kerala Construction Workers Welfare Fund		6019	0
82	3503005 Government and Other Dues Payable-TDS - CGST		8239	0
83	3503006 Government and Other Dues Payable-TDS - SGST		8239	0
84	3503008 Government and Other Dues Payable - CGST		179	0
85	3503009 Government and Other Dues Payable - SGST		179	0
	Total Payment of Recoveries		**57711**	**0**
	Fixed Assets - 410			
86	4101008 Public well		826000	0
87	4102002 Administrative Buildings		700000	0
88	4102016 Other Buildings		2000000	0
89	4103001 Concrete Roads		3504770	0
90	4103002 Black Topped Roads		656724	0
91	4103012 Side Walls		736538	0
92	4103099 Other Constructions		5700000	0
93	4104001 Plant & Machinery		902500	0
94	4105001 Vehicles		517340	0
95	4106002 Computers, Printers & Peripherals		560000	0
96	4108001 Other Fixed Assets		3344200	0
	Total Fixed Assets		**19448072**	**0**
	Loans, Advances and Deposits - 460			
97	4605004 Temporary Advances for Official Purposes		167200	200000
98	4605005 Advance to Mahatma Gandhi NREGS/ AUEGS		850000	850000
	Total Loans, Advances and Deposits		**1017200**	**1050000**
	Total Capital Expenditure		**20600656**	**1050000**
	Total Expenditure		**169996453**	**236614000**
	Total Receipts		**153600868**	**242286648**
	Balance		**11578144**	**19691792**